പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3441 19.06.2019-ലെ മറുപടിക്ക്

**മാനന്തവാടി വഴി സർവ്വീസ് നടത്തുന്ന അന്തർ സംസ്ഥാന ബസ്സുകൾ**

ചോദ്യം

ശ്രീ.ഒ. ആർ. കേളു

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | രാത്രികാലങ്ങളിൽ മാനന്തവാടി വഴി സർവ്വീസ് നടത്തുന്ന അന്തർ സംസ്ഥാന കെ.എസ്.ആർ.ടി.സി. ബസ്സുകൾ മാനന്തവാടി കെ.എസ്.ആർ.ടി.സി.ഡിപ്പോയിൽ പ്രവേശിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | രാത്രികാലങ്ങളിൽ അന്തർ സംസ്ഥാന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്ര ചെയ്യുന്ന യാത്രക്കാരെ മാനന്തവാടിയിൽ റോഡരികിൽ കാത്ത് നിർത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>മാനന്തവാടി വഴി രാത്രികാലത്ത് സർവ്വീസ് നടത്തുന്ന എല്ലാ സർവ്വീസുകളും പഴയ ഡിപ്പോയിൽ കയറിയാണ് സർവ്വീസ് നടത്തിവരുന്നത്. |
| (സി) | രാത്രിയിൽ അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന ബസ്സുകൾ മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് യാത്രക്കാരെ കയറ്റിപ്പോകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | രാത്രികാലത്ത് നടത്തുന്ന അന്തർസംസ്ഥാന സർവ്വീസുകൾ മാനന്തവാടി ടൗൺ പ്രദേശത്തു കൂടിയാണ് സർവ്വീസ് നടത്തുന്നത്. പുതിയ ഡിപ്പോ പ്രധാന റോഡിൽ നിന്നും 5 കിലോമീറ്റർ മാറി സ്ഥിതി ചെയ്യുന്ന ഒറ്റപ്പെട്ട പ്രദേശമായതിനാൽ രാത്രി കാലത്ത് പൊതുജനങ്ങൾക്ക് വന്ന് ചേരുന്നതിനും, തിരികെ പോകുന്നതിനും വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെട്ടുമെന്നാണ് കരുതുന്നത്. എന്നിരുന്നാലും ടി സൗകര്യം ആവശ്യമാണോയെന്ന് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ